(എ) പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് നേരെ ഉണ്ടാകുന്ന ആക്രമണങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ പീഡന നിരോധന നിയമം അനുസരിച്ച് സംസ്ഥാനത്ത് കേസുകൾ എടുക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ പ്രസ്തുത നടപടികളുടെ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വയനാട് ജില്ലയിൽ പോലീസ് വകുപ്പിന്റെ ഒരു സ്പെഷ്യൽ സ്കാഡ് മാനന്തവാടി ആസ്ഥാനമാക്കി പ്രവർത്തിച്ചുവരുന്നു. അതിക്രമങ്ങൾ ചെയ്യുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതിനാൽ ഈ പ്രവർത്തനം തുടങ്ങിയശേഷം വയനാട് ജില്ലയിൽ അതിക്രമങ്ങൾ ഗണ്യമായി കുറഞ്ഞു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ പീഡന നിരോധന നിയമപ്രകാരം 1998-ൽ 716 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 452 കേസുകൾ ചാർജ് ചെയ്തിട്ടുണ്ട്. ഈ നിയമപ്രകാരം കുറ്റകൃത്യങ്ങൾക്ക് 6 മാസത്തിൽ കുറയാത്തതും 5 വർഷത്തിൽ കവിയാത്തതുമായ കാലയളവിലേയ്ക്ക് തടവും പിഴയും ശിക്ഷിക്കാവുന്നതാണ്. പ്രസ്തുത നിയമം ഫലപ്രദമായി നടപ്പാക്കുന്നതിന് കേരള സർക്കാർ പ്രത്യേക പദ്ധതി തയ്യാറാക്കി നടപ്പിലാക്കിയിട്ടുണ്ട്. ഇതനുസരിച്ച് അതിക്രമങ്ങൾക്ക് വിധേയരാകുന്ന പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് നഷ്ടപരിഹാരം നല്കുന്നതിന് ജില്ലാ കളക്ടർ ചെയർമാനായുള്ള ഒരു ജില്ലാതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. അതിക്രമങ്ങൾ സംബന്ധിച്ച കേസുകൾ അവലോകനം ചെയ്യുന്നതിനും പുരോഗതി നിരീക്ഷിക്കുന്നതിനും പോലീസ് ഹെഡ്ക്വാർട്ടേഴ്സിൽ ഒരു ഡി.ഐ.ജി. യുടെ നേതൃത്വത്തിൽ ഒരു സ്പെഷ്യൽ സെൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ കുറ്റകൃത്യങ്ങൾ കൂടുതൽ ഉണ്ടാവാൻ ഇടയുള്ള സ്ഥലങ്ങളിൽ പ്രത്യേക പോലീസ് സ്കാഡ് പ്രവർത്തിക്കുന്നുണ്ട്.

14 (1557) പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സഹായങ്ങൾ

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. പി.എസ്. സുപാൽ :
ശ്രീ. പി. നാരായണൻ :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) :

ശ്രീ. സത്യൻ മൊകേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സഹായങ്ങൾ നൽകുന്നതിനുള്ള മാർഗ്ഗരേഖകൾ അംഗീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ മാർഗ്ഗരേഖകൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സഹായങ്ങൾ നൽകുന്നതിനുള്ള മാർഗ്ഗരേഖകൾ അടങ്ങുന്ന ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly